# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *526**

**02.07.2019-ൽ മറുപടിയ്ക്ക്.**

## പാലുല്പാദനം കൂട്ടാനുള്ള നടപടികൾ

### ചോദ്യം

**ശ്രീ.എം. വിൻസെന്റ്**
**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ.വി.എസ്.ശിവകുമാർ**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

(എ) കന്നുകാലികളുടെ പ്രത്യുല്പാദനക്ഷമതയിൽ കാര്യമായ ഇടപെടൽ നടത്തിയാൽ പാലുല്പാദനം കൂട്ടാൻ കഴിയുമെന്നതിനാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

### ഉത്തരം

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) കന്നുകാലികളുടെ പ്രത്യുല്പാദന ക്ഷമത വർദ്ധനവിന് വേണ്ടി പ്രജനന പരിപാടികളുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള "സന്തതി പരിശോധന പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ഇവിടെ നിന്നും മേൽത്തരം വിത്തുകാളകുട്ടികളെ ഉൽപാദിപ്പിച്ച് ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.
- 'സന്തതി പരിശോധനാ പദ്ധതി'യിൽ വിത്തുകാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള Selection Model ൽ, പ്രത്യുല്പാദന ക്ഷമതയുമായി ബന്ധപ്പെട്ട ഉരുക്കളുടെ ശാരീരിക ഘടന (Type Characters), ആദ്യപ്രസവം നടക്കുന്നതിനുള്ള പ്രായം (Age at first calving) എന്നിവയും മാനദണ്ഡങ്ങളാക്കിയിട്ടുണ്ട്.
- കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള എൻഡിഡിബി ഉൾപ്പടെയുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു.
- 2008 ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും പുതിയ കന്നുകാലി പ്രജനനനയം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതിയ കന്നുകാലി പ്രജനന നയത്തിനനുസൃതമായി പ്രജനന പരിപാടികൾ നടന്നുവരുന്നു.

- വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിൽ ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.
- കാനഡയിൽ നിന്നും , ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.
- പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| | |
|---|---|
| (ബി) പശുവളർത്തൽ ലാഭകരമാക്കുവാനും ഡയറി ഫാമുകൾ ആധുനികവൽക്കരിക്കുവാനും വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; | (ബി) പശുവളർത്തൽ ലാഭകരമാക്കുന്നതിന് ഡയറി ഫാം ആധുനികവത്ക്കരിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യമുള്ളതിനാൽ കഴിഞ്ഞ മൂന്ന് വർഷമായി ഡയറി ഫാം ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതിനായി പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരമുള്ള 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, കിടാരി പാർക്കുകൾ എന്നിവയിൽ ഡയറി ഫാമുകളുടെ യന്ത്രവത്കരണത്തിനായി പ്രത്യേക സഹായമാണ് നൽകുന്നത്. തൊഴുത്തിന്റെ ശുചിത്വം വർദ്ധിപ്പിച്ച് കർഷകരുടെ ജോലി ഭാരം ലഘൂകരിക്കുന്നതിനും, തൊഴുത്ത് ശുചിയാക്കുന്നതിനുള്ള സംവിധാനങ്ങൾ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി ശുദ്ധജലത്തിന്റെ ലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തുന്ന വാട്ടർ ബൗൾ സിസ്റ്റം, ചാണകം യഥാസമയത്ത് നീക്കം ചെയ്യുന്നതിനായി വീൽ ബാരോ, പുല്ല് മുറിച്ചുകൊടുക്കുന്നതിനായി ചാഫ് കട്ടർ, തൊഴുത്ത് അണുവിമുക്തമാക്കുന്നതിനായുള്ള സ്പ്രേയറുകൾ, തൊഴുത്ത് എപ്പോഴും ശുചിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം കൂടാതെ കറവ എളുപ്പത്തിലാക്കുന്നതിനും കറവക്കാരുടെ കുറവ് പരിഹരിക്കുന്നതിനുമായി കറവയന്ത്രം വിതരണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു.<br>ക്ഷീരവികസന വകുപ്പിന്റെ Strategic Rural Empowerment Programme (SREP) പദ്ധതി പ്രകാരം ശാസ്ത്രീയവും യന്ത്രവത്കരണത്തിൽ ഊന്നിക്കൊണ്ടുള്ള തൊഴുത്ത് നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്. കൂടാതെ ക്ഷീരകർഷകരുടെ ആവശ്യങ്ങൾ |

അടിസ്ഥാനപെടുത്തി അവർ ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000/- രൂപ വരെ ധനസഹായം നൽകുന്ന അവശ്യാധിഷ്ഠിത പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

| | |
|---|---|
| (സി) പരമ്പരാഗത രീതിയിൽ നിന്നും സംസ്ഥാനത്തെ ക്ഷീരകർഷകർ മാറിത്തുടങ്ങിയ സാഹചര്യത്തിൽ അവരോടൊപ്പം സഞ്ചരിക്കുന്നതിനും അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വകുപ്പ് തയ്യാറെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ക്ഷീരകർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഒന്ന് മുതൽ രണ്ട് പശുക്കൾ വരെ വളർത്തുന്ന പരമ്പരാഗത ക്ഷീരകർഷകരിൽ നിന്നും മാറി കൂടുതൽ പശുക്കളെ വളർത്തുന്ന ഡയറി ഫാമുകളാണ് ഇപ്പോൾ കൂടുതലായി ഈ രംഗത്തേയ്ക്ക് കടന്നു വരുന്നവർ നടത്തുന്നത്. ഇത് മുന്നിൽ കണ്ട് യന്ത്രവത്കരണത്തിനും, വലിയ ഡയറി ഫാമുകൾ തുടങ്ങുമ്പോൾ പാൽ വിപണനത്തിനും വേണ്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>ക്ഷീരമേഖലയിലേയ്ക്ക് കടന്നു വരുന്ന പുതിയ സംരംഭകർക്ക് അവശ്യം വേണ്ട സംരംഭകത്വ പരിശീലനങ്ങൾ നൽകുന്നതിനുപുറമേ അവർക്ക് ഡയറി ഫാം തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, ശാസ്ത്രീയ അവബോധവും ഫൈനാൻസിങിന് വേണ്ട സഹായവും ചെയ്തു കൊടുക്കുന്നുണ്ട്.<br>ക്ഷീരവികസന വകുപ്പ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാനത്തെ ക്ഷീരകർഷക സംഗമത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ എല്ലാ ബ്ലോക്കുകളിലും നിന്നുള്ള തെരഞ്ഞെടുത്ത നാല് കർഷകരെയും ഈ മേഖലയിലെ വിദഗ്ധരെയും പങ്കെടുപ്പിച്ച് ക്ഷീരകർഷക പാർലമെന്റ് സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിൽ കർഷകർ ഉന്നയിക്കുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്ത് അടുത്ത വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഈ നിർദ്ദേശങ്ങൾക്ക് അനുസൃതമായ പദ്ധതികളും ഉൾക്കൊള്ളിക്കുന്നുണ്ട്.<br>കൂടാതെ കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ കൂടുതൽ വരുമാനം ലഭിക്കത്തക്ക രീതിയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് പ്രത്യേക പാലുല്പന്ന നിർമ്മാണ പരിശീലന പരിപാടികളും ക്ഷീരപരിശീലനകേന്ദ്രങ്ങളിൽ വച്ച് നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**